റിന്യൂവബിൾ പർച്ചേസ് ഒബ്ലിഗേഷൻ ടാർജറ്റ് നിറവേറ്റുന്നതിനും താഴെപ്പറയുന്ന നടപടികൾ ഇലക്ട്രിസിറ്റി ബോർഡ് മുഖേന സ്വീകരിച്ചിട്ടുണ്ട് :

1. ചെറുകിട ജലവൈദ്യുത പദ്ധതികൾ സ്വന്തമായി സ്ഥാപിക്കുക.
2. സംസ്ഥാനത്ത് സ്വകാര്യ സംരംഭകരിൽനിന്നുള്ള വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച താരിഫിൽ വാങ്ങുക.
3. സൗരോർജ്ജത്തിൽ നിന്നുള്ള വൈദ്യുതി പ്രോത്സാഹിപ്പിക്കുക.
4. സംസ്ഥാന വൈദ്യുതി ഗ്രിഡുമായി കണക്ട് ചെയ്തിട്ടില്ലാത്ത സൗരോർജ്ജ ഉത്പാദകർക്ക് ഓരോ യൂണിറ്റിനും ഒരു രൂപ പ്രോത്സാഹനമായി നൽകുക. ഇത്തരം ഉത്പാദനം കെ.എസ്.ഇ.ബി.-യുടെ റിന്യൂവബിൾ പർച്ചേസ് ഒബ്ലിഗേഷൻ ടാർജറ്റിൽ ചേർക്കുന്നതിന് കമ്മീഷൻ അനുമതി നൽകിയിട്ടുണ്ട്.
5. ഗ്രിഡുമായി കണക്ട് ചെയ്തിട്ടുള്ള സൗരോർജ്ജ ഉത്പാദകർക്ക് ടി വൈദ്യുതി അവരുടെ ഉപയോഗം കഴിഞ്ഞുള്ളവ ബാങ്ക് ചെയ്യുന്നതിനും മറ്റ് അവസരത്തിൽ ഉപയോഗിക്കുന്നതിനും സൗകര്യം ചെയ്യുവരുന്നു. കൂടാതെ ടി ഉത്പാദകരിൽനിന്നും ഗ്രിഡിലേയ്ക്ക് നൽകുന്ന അധിക വൈദ്യുതി ബോർഡിന്റെ റിന്യൂവബിൾ പർച്ചേസ് ഒബ്ലിഗേഷൻ ടാർജറ്റിൽ ഉൾപ്പെടുത്തുന്നതിനും കമ്മീഷൻ അനുമതി നൽകിയിട്ടുണ്ട്.
6. കേന്ദ്ര ഗവൺമെന്റിനു കീഴിലുള്ള് സോളാർ എനർജി കോർപ്പറേഷനുമായി ചേർന്ന് 20 മെഗാവാട്ട് ശേഷിയുള്ള ഒരു സോളാർപാർക്ക് കാസർഗോഡ് സ്ഥാപിക്കുന്നതിനുള്ള ഒരു കരാറിൽ ബോർഡ് ഏർപ്പെട്ടിട്ടുണ്ട്.

മേൽപ്പറഞ്ഞ നടപടികൾവഴി ഇനിയുള്ള വർഷങ്ങളിൽ റെഗുലേറ്ററി കമ്മീഷൻ നിഷ്കർഷിച്ച റിന്യൂവബിൾ പർച്ചേസ് ഒബ്ലിഗേഷൻ ടാർജറ്റ് ബോർഡിന് നിറവേറ്റാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

വൈദ്യുതീകരണം നടക്കാത്ത ഗ്രാമങ്ങൾ

32 (5836) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വൈദ്യുതീകരണം നടക്കാതെ എത്ര ഗ്രാമങ്ങളുണ്ടെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കണ്ണൂർ കാസർഗോഡ് ജില്ലകളിലെ ഏതു ഗ്രാമങ്ങളിൽ ഇപ്പോഴും വൈദ്യുതി എത്താത്തതായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) കാസർഗോഡ് ജില്ലയിലേക്ക് കർണ്ണാടകയിൽനിന്നും വൈദ്യുതി എത്തിക്കുന്നതുമായി ബന്ധപ്പെട്ട പുതിയ പദ്ധതികൾ രൂപീകരിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) സെൻസസ് കണക്കുകൾ പ്രകാരം കേരളത്തിലെ എല്ലാ വില്ലേജുകളിലും (ഗ്രാമങ്ങളിലും) വൈദ്യുതി എത്തിയിട്ടുണ്ട്. എന്നാൽ വൈദ്യുതി ലൈൻ നിർമ്മിക്കാൻ വനം വകുപ്പിന്റെ അനുമതി വേണ്ടതും വൈദ്യുതിലൈൻ എത്തിക്കാൻ സാധിക്കാത്തതുമായ ചില കോളനികൾ കേരളത്തിൽ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വൈദ്യുതി ബോർഡ് അത് പരിശോധിച്ചുവരികയാണ്.

(സി) കാസർഗോഡ് ജില്ലയിലേയ്ക്ക് കർണ്ണാടകയിൽനിന്നും വൈദ്യുതി എത്തിക്കുന്നതുമായി ബന്ധപ്പെട്ട് കർണ്ണാടകയിലുള്ള തവടുഗോളിയിൽനിന്നും നിലവിലുള്ള 110 കെ.വി. തവടുഗോളി-മൈലാട്ടി ലൈൻ ഇരട്ടിപ്പിക്കുകയും നവീകരിക്കുകയും ചെയ്യേണ്ട ജോലിയുടെ ടെണ്ടർ നടപടികൾ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, ട്രാൻസ്മിഷൻ സർക്കിൾ ഓഫീസിൽ നടന്നുവരികയാണ്. ഇതോടനുബന്ധിച്ച് കാസർഗോഡ് 110 കെ.വി സബ്സ്റ്റേഷന്റെ ബേ നിർമ്മാണം പുരോഗതിയിലാണ്.

ഊർജ്ജോത്പാദന മേഖലയിൽ നേട്ടങ്ങൾ

33 (5837) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് ഊർജ്ജോൽപ്പാദന മേഖലയിൽ എന്തെല്ലാം നേട്ടങ്ങളാണ് കൈവരിച്ചിട്ടുള്ളത് ;

(ബി) ഇതിനായി ചെറുകിട ജലസേചന പദ്ധതികൾ എത്രമാത്രം സഹായിച്ചിട്ടുണ്ട് ; വിശദമാക്കാമോ ;

(സി) ഇത് നേടുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടത് ?

LIBRARY ARCHIVES Kerala Legislative Assembly